## മേശപ്പുറത്തുവച്ച കടലാസുകൾ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി.ജോസഫ്) : സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4288, നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1429 എന്നിവയുടെ മറുപടി യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം കാണിക്കുന്ന ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ധനകാര്യം:

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി) : സർ, 2012 – 2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫസ്റ്റ് ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## നിയമനിർമ്മാണകാര്യം:

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 -ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 -ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി.മോഹനൻ) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, 2012 ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിലെ 364, 366, 369, 372 മുതൽ 394 വരെയും 396 ഉം ഖണ്ഡികയിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങളും നികുതി ഇളവുകളും 1.4.2012 മുതൽ പ്രാബല്യം നൽകുന്നതിനുവേണ്ടിയുള്ള ബില്ലാണ് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചത്. 1959 -ലെ കേരള സ്റ്റാംപ് ആക്ട് 1961 -ലെ കേരള ലാന്റ് ടാക്സ് ആക്ട്, 1963 -ലെ കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, 1976 -ലെ മോട്ടോർ വാഹന നികുതി ആക്ട്, 1976 -ലെ കേരള ആഡംബര നികുതികളിന്മേലുള്ള നികുതി ആക്ട്, 2003 -ലെ കേരള മൂല്യവർദ്ധിത നികുതി ആക്ട്, 2008 -ലെ ധനകാര്യ ആക്ട് എന്നീ ഏഴ് ആക്ടുകൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്ന ധനബിൽ ഈ സഭ സബ്ജക്ട് കമ്മിറ്റി - II, V, VIII എന്നിവയുടെ സംയുക്ത പരിശോധനയ്ക്ക് അയയ്ക്കുകയുണ്ടായി. 12.7.2012 -ൽ കൂടിയ സംയുക്ത കമ്മിറ്റിയുടെ യോഗം ബില്ലിലെ 1, 7, 8 എന്നീ ക്ലോസ്സുകൾക്ക് ഭേദഗതികൾ കൊണ്ടുവരികയുണ്ടായി. ക്ലോസ് - 1 ന്റെ ഭേദഗതി ഇത് നടപ്പിലാകുന്ന തീയതിയെ സംബന്ധിച്ചാണ്. ബില്ലിലെ -7 -ാം ക്ലോസ്സിലെ ഭേദഗതി എന്നു പറയുന്നത് ബെനിഫിഷറി കമ്മിറ്റികൾ നടപ്പിലാക്കുന്ന ജലനിധി പദ്ധതികളുടെ കരാർ ജോലികളുടെ നികുതി 5 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറയ്ക്കുന്നതിനു

വേണ്ടിയാണ്. സംസ്ഥാനത്തെ ഓരോ ജില്ലയിലും സെൻട്രൽ പോലീസ് കാന്റീനോട് അഫിലിയേറ്റ് ചെയ്ത് ഒരു സബ്സിഡിയറി കാന്റീൻ തുടങ്ങുന്നതിനുള്ള പ്രൊവിഷനാണ്. കോമ്പൗണ്ടിംഗ് നികുതി ഓപ്റ്റ് ചെയ്തിട്ടുള്ള മരുന്ന് നിർമ്മാതാക്കൾക്ക് അവർ മരുന്ന് ഉല്പാദനത്തിന് വാങ്ങിയ മെറ്റീരിയലുകൾക്ക് 01-04-2005- മുതൽ സ്പെഷ്യൽ റിബേറ്റ് നൽകുന്നതിനും അമന്റ്മെന്റിൽ നിർദ്ദേശമുണ്ട്. ഫോട്ടോഗ്രാഫി മെഷിനറികൾക്ക് 01-07-2006 മുതൽ 23-10-2006 വരെ ചുമത്തിയിരുന്ന അധിക നികുതി റദ്ദ് ചെയ്യുവാനുള്ള നിർദ്ദേശവും ഇപ്പോൾ സബ്ജക്ട് കമ്മിറ്റി നൽകിയിട്ടുണ്ട്. ഡീ-പഞ്ച്ഡ് ബാഗുകളുടെ നികുതി ക്യാരി ബാഗിന്റെ നിർവ്വചനത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശവും സബ്ജക്ട് കമ്മിറ്റി മുന്നോട്ട് വച്ചിട്ടുണ്ട്. എട്ടാം വകുപ്പിലുള്ള ഭേദഗതി സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നതിന് ബിവറേജസ് കോർപ്പറേഷനുകളിന്മേൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള ഒരു ഭേദഗതിയാണ്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന് ആറ് അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ബില്ലിന്റെ ചർച്ചയ്ക്ക് ശേഷം രണ്ടാം വായനയ്ക്ക് മുൻപ് ഇതിന് മറുപടി പറയാം. ബിൽ ചർച്ചയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(റൂളിംഗ്)

* * * * * * * * * * * * * * *